(ബി) മലമൂത്രവിസർജ്ജനം ചെയ്യുന്നതിനു് അവിടെ ആളുകൾ വളരെ ബുദ്ധിമുട്ടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനു് ഇതിനെ സംബന്ധിച്ചു് വല്ല നിർദ്ദേശവും സമർപ്പിക്കാനുണ്ടോ :

(സി) ഉണ്ടെങ്കിൽ ആ നിർദ്ദേശം നടപ്പിലാക്കാൻ ഗവണ്മെൻറു് നടപടി എടുക്കുമോ ?

ഉത്തരം

(എ) പ്രത്യേക സൗകര്യം ഇല്ല.
(ബി) ഇല്ല.
(സി) ഇല്ല. ഈ വക കാര്യങ്ങളിൽ സ്ഥലത്തെ പഞ്ചായത്തിനു നടപടികൾ എടുക്കാവുന്നതാണു്.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

തലക്കൊളത്തൂർ ശുദ്ധജലവിതരണം

119. [14] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടതാലൂക്കിലെ തലക്കൊളത്തൂർ വില്ലേജിൽ ശുദ്ധജല വിതരണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി കഴിഞ്ഞുവോ;

(ബി) ഓവർഹെഡ് ടാങ്കുകെട്ടി പൈപ്പുകൾ ഇട്ടു് ജലവിതരണം നടത്തുന്നതോ, കുഴൽകിണറുകൾ സ്ഥാപിക്കുന്നതോ ആ സ്ഥലത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രായോഗികമായിട്ടുള്ളതു് ;

(സി) ഇതിനുള്ള എന്തു നടപടികളെടുത്തു ;

(ഡി) ഡെവലപ്പുമെൻറു് കൗൺസിലിൻറെ അംഗീകാരത്തിനു ഈ സ്കീം അയച്ചുവോ ;

(ഈ) ഈ സ്കീം എപ്പോഴേയ്ക്കും പ്രായോഗികമാകും ?

ഉത്തരം

(എ) കോഴിക്കോട്ട തലക്കൊളത്തൂർ വില്ലേജിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻവേണ്ടി പഞ്ചായത്തുബോർഡു് അഭ്യർത്ഥിച്ചിട്ടുണ്ടു്. ഇൻവെസ്റ്റിഗേഷൻ നടത്തിതീർന്നിട്ടില്ല.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തിയാൽമാത്രമേ പദ്ധതിയുടെ പ്രായോഗികരൂപം മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

(സി) എസ്റ്റിമേറുതയാറാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു.

(ഡി) എസ്റ്റിമേറു തയാറായിക്കഴിഞ്ഞാലുടനെ ഡി. ഡി. സി സ്കീം അംഗീകാരത്തിനയക്കുന്നതുണ്ടു്,

(ഈ) എസ്റ്റിമേറു് സാംഗ്ഷൻ ചെയ്യുകയും ഡി. ഡി. സി. അംഗീകരിക്കുകയും ചെയ്താൽ 64–65 സാമ്പത്തികവർഷത്തിൽ ജോലികൾ ആരംഭിക്കാവുന്നതാണു്.

ഏലത്തൂർ ശുദ്ധജലവിതരണം

120. [15] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടതാലൂക്കിലെ ഏലത്തൂർ ഓവർ ഹെഡ്ടാങ്കിൻറെ എസ്റ്റിമേറു് തയാറായിക്കഴിഞ്ഞോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിനുവേണ്ടി വരുന്ന ആകെ തുക എത്ര;

(സി) കഴിയുന്നതും വേഗത്തിൽ ഈ പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികളെടുക്കുമോ ?

ഉത്തരം

(എ) ഏലത്തൂർ ശുദ്ധജലവിതരണപദ്ധതിക്ക് മൊത്തം 68,800 രൂപയുടെ ഒരു എസ്റ്റിമേറ്റ് സാംഗ്ഷൻ ചെയ്തിട്ടുണ്ട്.

(ബി) ഓവർ ഹെഡ് ടാങ്കിനും, പമ്പുഹൗസിനും മാത്രം 10,000 രൂപ ചെലവുവരുന്നതാണ്. അതിനു എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്.

(സി) ജോലി അടുത്തുതന്നെ ആരംഭിക്കുന്നതാണ്. സിവിൽജോലി കരാക്ക് കൺട്രാക്റ്റ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

മെറേറർനിറേറി അസിസ്റ്റൻറിന്റെ ശമ്പളം

121, [16] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വാഴക്കുളം (കല്ലൂർക്കാട്) ഗവണ്മെൻറ് ഡിസ്പെൻസറിയിലെ മെറേറർണിറേറി അസിസ്റ്റൻറായ എ. എച്ച്. ബീഗം ഇതുവരെ ഏതെല്ലാം സ്ഥലത്തു ജോലിയെടുത്തിട്ടുണ്ട് ;

(ബി) ഇവർക്ക കോഴിക്കോട്ടുജില്ലയിൽ കരുളായിയിൽ എത്ര കാലത്തെ സർവ്വീസുണ്ട് ;

(സി) ഏതെങ്കിലും കാലത്തെ ശമ്പളബാക്കി ഇവർക്ക കൊടുത്തു തീർക്കുവാനുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതു കാലത്തെ ;

(ഈ) ഇത്രയും കാലമായിട്ടും ഇതു കൊടുത്തുതീർക്കാതിരിക്കുവാനുള്ള കാരണമെന്തു് ?

ഉത്തരം

(എ) മുക്കം, വണ്ടൂർ, പ്രൈമറിഹെൽത്തു സെൻറുകളും, അരിക്കോട് ഡിസ്പെൻസറി, കുമാരപുരം മിഡ്വൈഫറിസെൻറർ, കല്ലൂർക്കാട് ഡിസ്പെൻസറി, എന്നീ സ്ഥാപനങ്ങളിൽ ജോലിയെടുത്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽപ്പെട്ട വണ്ടൂർ ഹെൽത്തുസെൻററിലെ കരുളായി സബ്സെൻറററിൽ 1-5-62-മുതൽ 5-9-62.വരെ സർവ്വീസ് ഉണ്ടായിരുന്നു.

(സി) ഉണ്ട്.

(ഡി) 1-5.62—മുതൽ 5—9-62—വരെ.

(ഈ) കരുളായി സബ്സെൻറററിലെ മിഡ്വൈഫിന്റെ തസ്തിക താൽക്കാലികമായിരുന്നതിനാൽ 62—63—ൽ അതു തുടരുന്നതിനു പ്രത്യേകം അനുവാദം ആവശ്യമായിവന്നു. അതിനുള്ള അനുവാദം നൽകുന്നതിൽ, ഭരണപരമായ കാരണങ്ങളാൽ നേരിട്ട കാലതാമസമാണ് ഇതിനു കാരണമായതു്.

പൊതുമരാമത്തു വേലകൾ.

122. [17] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവാ സബ് ഡിവിഷനിൽപ്പെട്ട തുറവൂർ—ചള്ളിറോഡു് ഡിപ്പാർട്ടുമെൻറൽ മെയിൻറനൻസിനു് എടുക്കാമെന്നു് ഗവണ്മെൻറു് ഓർഡർ ഉണ്ടായിട്ടും അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ അതു് ഉൾപ്പെടുത്താതിരുന്നതിന്റെ കാരണമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly